വാല്യം 3 ലക്കം 1 ധനു 1174

# താളിയോല

ജപ്പാൻ മലയാളികളുടെ പ്രസിദ്ധീകരണം



## ക്രിസ്മസ് രാത്രിയുടെ കനവുകളും പുതുവർഷപ്പുലരിയുടെ ഉണർവും ആശംസിച്ചുകൊണ്ട്

❋ മുഖവുര ❋ ജപ്പാനിൽ കല്ല്യാണരാമൻ ❋ ആശുപത്രി ജീവിതം ❋
❋ ഡാഡി, ദിസ് ഈസ് ഹെവി മെറ്റൽ ❋ സ്നേഹ ബന്ധനം ❋
❋ സർക്കാർ ആശുപത്രിയുടെയും IMF ന്റെയും കഥ ❋
❋ സാക്ഷാൽ ഡ്യൂപ്ലിക്കേറ്റ് ചാത്തൻസ് ❋
❋ നാട്ടു വിശേഷം ❋ അസംബന്ധം ❋

# മുഖവുര

ജനങ്ങളുടെ ഒരുതരം സ്വതന്ത്രതാബോധം അഥവാ തൻേറടം മലയാളികളുടെ ദേശീയ സ്വഭാവ (National character) മാണെന്ന് പറയാറുണ്ട്. ഒരു സമൂഹം ഉയർന്ന വില കൽപിക്കുന്നതും അതിലെ വ്യക്തികൾക്കിടയിൽ പൊതുവായി കാണുന്നതുമായ സ്വഭാവ വിശേഷത്തെയാണ് ദേശീയ സ്വഭാവം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വളക്കൂറുള്ള മണ്ണും നീരുറവകളും വനസമ്പത്തും കേരളത്തിൽ എവിടേയും ധാരാളമായിരുന്നുവല്ലോ. അതുകൊണ്ട് ഇവിടത്തെ ആദ്യകുടിയേറ്റക്കാർക്ക് ഒരു കൂട്ടമായിട്ടല്ലാതെ സ്വതന്ത്രമായി എവിടേയും വാസമുറപ്പിയ്ക്കാൻ കഴിഞ്ഞിരുന്നുവെന്നു കരുതാം. ഇത് കേരളത്തിൽ ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ കാണുന്നതുപോലെയുള്ള, കുറേ കുടുംബങ്ങൾ ഒന്നിച്ചുപാർക്കുന്ന ജനനിവാസങ്ങളുടേയും ആൾപ്പാർപ്പില്ലാത്ത വെളിപ്രദേശങ്ങളുടേയും അഭാവത്തിന് കാരണമായെന്ന് കാണാം. പരസ്പരസഹായം അധികം ആവശ്യമില്ലാതിരുന്ന ഈസാഹചര്യം ജനങ്ങളുടെ സ്വതന്ത്രമനോഭാവത്തിനും കാരണമായിട്ടുണ്ടാവാമെന്ന് കരുതപ്പെടുന്നു.

ഒരു സമൂഹത്തിൽ ഒരു പ്രത്യേകമൂല്യത്തിന് അമിതമായ പ്രാധാന്യം നൽകപ്പെടുന്നതിൻെറ ദൂഷ്യഫലത്തെപ്പറ്റി പറയാറുണ്ട്. അമേരിക്കൻ സമൂഹത്തിൽ സ്വാതന്ത്ര്യം എന്ന സകൽപത്തിനുള്ള അമിതപ്രാധാന്യത്തേയും ജാപ്പനീസ് സമൂഹത്തിൽ അഭിപ്രായസമന്വയത്തിനു കൊടുക്കുന്ന ആനുപാതികമല്ലാത്ത സ്ഥാനത്തെയും ഇതിനുദാഹരണങ്ങളായി ചൂണ്ടിക്കാണിയ്ക്കാറുണ്ട്. സ്വാതന്ത്ര്യം എന്ന അമൂർത്ത സകൽപത്തെ രാഷ്ട്രീയവും സാമ്പത്തികവുമായ എല്ലാ മണ്ഡലങ്ങളിലും രാജ്യത്തിൻെറ അതിർത്തിയ്ക്കപ്പുറത്തേയ്ക്കുകൂടി വ്യാപിപ്പിയ്ക്കാനുള്ള അമേരിക്കൻ ജനതയുടെ ആവേശത്തിനും അതുമൂലമുള്ള വിവാദങ്ങൾക്കും പിന്നിൽ ഇതുകാണാം. അതുപോലെ അഭിപ്രായസമന്വയത്തിനു വേണ്ടി ജപ്പാനിലെ വിവിധ ദേശീയതകളും അയ്നു, ര്യൂക്യൂ തുടങ്ങിയ തനതായ സംസ്കാരങ്ങളും അവയുടെ ഭാഷകളും വരെ ഉൻമൂലനം ചെയ്യപ്പെട്ടതായും കാണാം. മലയാളികളുടെ അമിതമായ സ്വതന്ത്രതാമനോഭാവവും ഇതെപോലെത്തന്നെ, സമൂഹത്തിൻെറ ഒത്തുചേർന്ന ക്രിയാത്മക പ്രവർത്തനത്തിന് വിലങ്ങുതടിയാവുന്നതായി കാണുന്നു.

മലയാളികൾ വാദപ്രിയരാണെന്ന് പ്രസിദ്ധമാണല്ലോ. ചായക്കടകളിലെ പഞ്ചായത്തുകളും തീവണ്ടിമുറികളിലെ താല്ക്കാലിക സൗഹൃദ സദസ്സുകളും മുതൽ നാലുമലയാളികൂടുന്ന എവിടേയും സൂര്യനുകീഴിലുള്ള എന്തിനെയും കുറിച്ച് ചർച്ച ചെയ്യുന്നതുകാണാം. മറ്റൊരാളുടെ അഭിപ്രായം അംഗീകരിയ്ക്കാനുള്ള മലയാളിയുടെ വൈമുഖ്യം കാരണം ഇവ മിക്കവാറും ചർച്ചകളെന്നതിനേക്കാൾ വെറും തർക്ക (debate) ങ്ങളായി മാറുന്നു. മറ്റൊരാളുടെ ആശയത്തെയോ അഭിപ്രായത്തെയോ അംഗീകരിയ്ക്കുന്നത് ഒരു പോരായ്മയാണെന്നും അവയെ എതിർക്കുന്നതിലൂടെ മാത്രം സ്വന്തം അഭിപ്രായസാക്ഷാത്കാരം സാധിക്കുമെന്നുള്ള ധാരണ ഇവിടെ പ്രകടമാണ്. അങ്ങനെ ഈ വിഗ്രഹഭഞ്ജനം സമൂഹത്തിൻെറ തന്നെ ഒരു മൂല്യമായി മാറിയിരിക്കുന്നതായി കാണാം. നമ്മുടെ ബുദ്ധിജീവികളുടെയും സാഹിത്യനായകൻമാരുടെയും ഇടയിൽ ഈ വിഗ്രഹഭഞ്ജനം കൊണ്ടുമാത്രം അംഗീകരിക്കപ്പെട്ടവർ നിരവധിയാണ്. ഇത് മറ്റൊരാളുടെ കാഴ്ചപ്പാടിനെ അനുഭാവപൂർവ്വം കാണാനുള്ള വിമുഖതയ്ക്കും (skepticism) ഒടുവിൽ മറ്റുള്ളവരോടുള്ള അസഹിഷ്ണുതയ്ക്കുതന്നെയും കാരണമാകുന്നു. കേരളരാഷ്ട്രീയത്തിൽ കാണുന്ന ഗ്രൂപ്പുകളുടെയും ഉപഗ്രൂപ്പുകളുടെയും ബാഹുല്യവും സ്വാർത്ഥലാഭ താൽപര്യങ്ങളെക്കാളേറെ വ്യത്യസ്താഭിപ്രായത്തോടുള്ള ഈ അതിരുകടന്ന പ്രേമ (obsession) ത്തെയാണ് കാണിക്കുന്നത്.

അക്ഷരം വായിക്കാനറിഞ്ഞവൻെറ ആകാശം വലുതാണ് എന്നാണല്ലോചൊല്ല്. ചരിത്രത്തിൻെറ ഏടുകളിൽ നിന്നും മനുഷ്യൻെറ വൈവിധ്യത്തെ കണ്ടറിഞ്ഞ് അതുവഴിയുള്ള സ്വന്തം അവബോധത്തിൻെറ വിപുലീകരണമാണ് (exposure) ഇതുകൊണ്ടുദ്ദേശിക്കുന്നത്. കുണ്ടിലെ തവളക്കുഞ്ഞിന് കുന്നിനുമുകളിൽ പറക്കാനാവുന്നതുപോലെയാണിത്. മനുഷ്യരാശിയുടെ അനുഭവങ്ങളെ

കാലദേശാതിർത്തികൾക്കതീതമായി കൊണ്ടുചെല്ലുന്നതും ഇതുതന്നെയാണ്. ആശയവിനിമയത്തിലൂടെയുള്ള ഈ ഐക്യം സാധിക്കുന്നതുവരെ അക്ഷരജ്ഞാനം കൊണ്ടുണ്ടാവുന്നത് " തത്തച്ചേ പൂമ്മ പൂമ്മ" എന്നമട്ടിലുള്ള മറിച്ചു ചൊല്ലൽ മാത്രമായിരിക്കും. ഈ ഐക്യം സാധിക്കുമ്പോൾ മാത്രമാണ് സാക്ഷരത സാർത്ഥകമാകുന്നത്.

- ശങ്കരനാരായണൻ

---

# ജപ്പാനിൽ കല്യാണരാമൻ

## ഹരീഷ്

1997, ജനുവരി ഒന്നാം പകുതി. ബാംഗ്ളൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ (IISc), ഒരു ഗ്ളാസ് ബീർ അടിക്കാൻ ബാറിൽ കടം പറഞ്ഞിരുന്ന സുവർണ്ണ കാലം! വാരഫലത്തിൽ വിശ്വാസമില്ലെങ്കിലും, മനസ്സമാധാനത്തിനു വേണ്ടി, ആരും കാണാതെ ഒളിഞ്ഞു നോക്കുമായിരുന്നു. 'കണ്ടകശ്ശനി' എല്ലാം മറന്ന് താണ്ഡവ നൃത്തം ചവിട്ടിയകാലം! അപ്പോഴാണ് ജപ്പാനിൽ നിന്നും Interview call വരുന്നത്. ഞെട്ടിയില്ല! കാരണം, അതിനു രണ്ടാഴ്ച മുമ്പേ അമേരിക്കയിൽ നിന്ന് രണ്ട് ടെലിഫോൺ ഇൻറർവ്യൂ കഴിഞ്ഞിരുന്നു (രണ്ടും തട്ടിപ്പോയി!) അതുകൊണ്ട് നിർവ്വികാരനായി ജപ്പാനിലെ ടെലിഫോൺ ഇൻറർവ്യൂവിനെ നേരിട്ടു. അറിയാവുന്ന ഉത്തരങ്ങൾ, മെല്ലെ നിർത്തി നിർത്തി, കഷണം കഷണമാക്കി ഇംഗ്ളീഷിൽ തട്ടി. അറിയാത്തവ, അയാൾക്കും എനിക്കും മനസ്സിലാകാത്ത വിധത്തിൽ 'Fluent' ആയി കാച്ചി. "കിട്ടിയാൽ കിട്ടി, ഇല്ലേൽ ചട്ടി" എന്നതായിരുന്നു മുദ്രാവാക്യം!

കണ്ടകശ്ശനിയിലും വാരഫലത്തിലും തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ വിശ്വാസം വേരുറച്ചുകൊണ്ടിരുന്ന കാലത്ത് ഇൻറർവ്യൂവിൻെറ result വന്നപ്പോൾ ശരിക്കും ഞെട്ടി! ആഗോളാടിസ്ഥാനത്തിൽ short listചെയ്ത പത്തിലൊരുവനായി എന്നെയും തിരഞ്ഞെടുത്തിരിക്കുന്നു. കൂടാതെ final interview വിന് ജപ്പാനിൽ ചെല്ലാനുള്ള ക്ഷണവും.

Final interview യിൽ തട്ടിപ്പോകുമെന്ന 'ശുഭാപ്തി വിശ്വാസം' മനസ്സിൽ ഉണ്ടായിരുന്നെങ്കിലും, കിട്ടിയ 'ചാൻസി'ൽ ജപ്പാൻ കാണാമല്ലോ എന്ന് മോഹിച്ചു. കേരളത്തിൻെറ വടക്കു ഭാഗത്തുള്ള ഒരു നിഷ്കളങ്കമായ ഗ്രാമത്തിൽ ജനിച്ചു വളർന്ന ഈയുള്ള വൻ, വിമാനം പക്ഷിയെപ്പോലെ പറക്കുന്നത് മാത്രമേ കണ്ടിട്ടുള്ളു. ആദ്യയാത്ര ശരിക്കും ഒരു 'ചമ്മൽ' ആയിരിക്കുമെന്നുറപ്പുള്ളതിനാൽ, ബാംഗളൂരിൽ നിന്നും ചെന്നായിലേക്ക് 'ഡൊമസ്റ്റിക്കിൽ' പറന്ന് പേടി മാറ്റി. അടുത്തിരുന്ന മൊട്ടത്തലയനോട് Belt ഇടേണ്ട വിധവും മറ്റു കുണ്ടാമണ്ടികളും ചോദിച്ച് മനസ്സിലാക്കുകയും ചെയ്തു.

അങ്ങിനെ, 1997 മാർച്ചുമാസം രണ്ടാം വാരത്തിൻെറ അവസാനം, ടിക്കറ്റിൻെറ ചെലവ് തിരിച്ചു കിട്ടുമെന്ന ഒറ്റ ഉറപ്പിൻെറ പേരിൽ ജപ്പാനിലേക്ക് 'വണ്ടി' കയറി. സിംഗപ്പൂർ വഴി ജപ്പാനിലെത്തിയപ്പോൾ ശരിക്കും അഭിമാനം തോന്നി. Free trip! ഇൻറർവ്യൂവിന് ജയിച്ചില്ലെങ്കിലും ജപ്പാൻ കണ്ടുവെന്ന് പറയാമല്ലോ.....ഹൂ!

മൂന്ന് ദിവസത്തെ ഇൻറർവ്യൂ ആയിരുന്നു. ഒരുമാതിരി നന്നായി perform ചെയ്തു. Virtual reality യും Fractal theory യും മറ്റ് മണ്ണാങ്കട്ടകളും ഉപ്പും പുളിയും ചേർത്ത് present ചെയ്യുമ്പോൾ, മനസ്സിൽ ഒരാഗ്രഹമുണ്ടായിരുന്നു. ജപ്പാനിൽനിന്നും കുറച്ച് ഫോട്ടോസ് എടുക്കണമെന്ന്. (പ്രധാനമായും അച്ഛനേയും അമ്മയേയും കാണിക്കാനായിരുന്നു ഫോട്ടോസ്. ബാംഗ്ളൂരിൽ നിന്നും വിടുമ്പോൾ, വീട്ടുകാരോട് ഫോൺ ചെയ്തു പറഞ്ഞിരുന്നതേയുള്ളു. ജപ്പാനിലേക്ക് ഇൻറർവ്യൂവിന് പോകുന്നെന്നു പറഞ്ഞപ്പോൾ, അവർ തീരെ വിശ്വസിച്ചിരുന്നില്ല. മോനു വട്ടുപിടിച്ചെന്നു വരെ അമ്മ!).

Camera വാങ്ങാനൊട്ട് കാശുമില്ല. ഒരു ചെറിയ Camera കിട്ടുമോ എന്ന് നോക്കാനായി ആദ്യ ദിവസത്തെ ഇൻറർവ്യൂവിന് ശേഷം ഒരു കടയിൽ കയറി. അതാ കിടക്കുന്നു paper കൊണ്ട് പൊതിഞ്ഞ ഒരു camera - 800 യെൻ, 15 snaps! അടിപൊളി! ഉടൻ വാങ്ങി. മൂന്ന് ദിവസവും തകൃതിയായി 15 snaps ഉം അടിച്ചു! മൂന്നാമത്തെ ദിവസം ഫോട്ടോ develop

ചെയ്യാൻ ഒരു കടയിൽ കൊടുത്തു. ഒരു മണിക്കൂർ കഴിഞ്ഞ് പോയപ്പോൾ, പഹയൻ 15 ഫോട്ടോയും തന്നു. പക്ഷേ Camera തന്നില്ല. മറന്നുപോയതായിരുക്കുമെന്ന് കരുതി ഞാൻ വീണ്ടും ചോദിച്ചു. "Camera....?" ജപ്പാൻ ഭാഷയിൽ അവൻ എന്തോ തട്ടിവിട്ടു. എനിക്കാണേൽ full tension. 800 യെൻ കൊടുത്തു വാങ്ങിയ camera അവൻ മുക്കി. ജപ്പാനിലും ഉണ്ടോ മുക്കൻമാർ? ദേഷ്യം മൂത്ത് ഞാൻ മലയാളത്തിൽ തെറിവിളിക്കാൻ തുടങ്ങി. 15ഫോട്ടോയും അങ്ങോട്ട് എറിഞ്ഞു കൊടുത്തു. പുള്ളിക്കാരൻ ആകെ അന്തം വിട്ട് കുന്തം വിഴുങ്ങിയപോലെ നിൽപായിരുന്നു. ബഹളം കേട്ട് ആളുകൾ ചുറ്റും കൂടി. ഭാഗ്യത്തിന് കൂട്ടത്തിൽ ഒരു 'സായിപ്പു' മുണ്ടായിരുന്നു. ഞാൻ സംഭവം വിവരിച്ചു കൊടുത്തു. Camera തിരിച്ചു തരാൻ കടക്കാരനോട് പറയാൻ പറഞ്ഞു. എല്ലാം കേട്ട ശേഷം ആ മാന്യദേഹം എന്റെ തോളത്ത് തട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു. "Hey man, that's a disposable camera". കടക്കാരൻ Camera യുടെ അവശിഷ്ടം കാണിച്ചു തരിക കൂടി ചെയ്തപ്പോൾ കാര്യം ശരിക്കും മനസ്സിലായി. ദു:ഖത്തോടെ, ചമ്മലോടെ, ഉടൻ അവിടുന്ന് മുങ്ങി!

തിരിച്ചു നാട്ടിൽ ചെന്ന് വീട്ടുകാർക്ക് ഫോട്ടോ കാണിച്ചുകൊടുത്തപ്പോൾ മാത്രമേ അവർ വിശ്വസിച്ചുള്ളൂ ഞാൻ ജപ്പാനിൽ പോയിരുന്നെന്ന്. പിന്നെ ഒന്നും പറയണ്ട, ജപ്പാനിൽ interview-ന് പോയ വിവരം നാട്ടിൽ മുഴുവൻ പാട്ടായി. അച്ചന്റെ അമ്മാവന്റെ ഏട്ടന്റെ രണ്ടാമത്തെ മോന് (പത്രപ്രവർത്തകൻ - Indian Express) എന്റെ ഫോട്ടോ പത്രത്തിൽ കൊടുക്കാനൊരു മോഹം. 'ചമ്മാൻ' വേറെ ഒന്നും വേണ്ടല്ലോ. Interview result ഇനിയും വന്നില്ല. നാട്ടിൽ നിൽക്കുന്നത് ശരിയല്ലെന്ന് ബോദ്ധ്യമായതിനാൽ ഉടൻതന്നെ ബാംഗ്ളൂരിലേക്ക് മുങ്ങി. പതിവുപോലെ ജോലിക്ക് apply ചെയ്യാൻ തുടങ്ങി.

ഒരു മാസം കഴിഞ്ഞു. ഇൻറർവ്യൂവിന്റെ result വന്നു. I am selected! Oh God! ജ്യോതിഷത്തേയും വാരഫലത്തെയും കുറെ തെറി വിളിച്ച്, സുഹൃത്തുക്കളുടെ കൂടെ ബാംഗ്ളൂരിലെ ഭേദപ്പെട്ട ഒരു 'ബാറി'ൽ കുപ്പികൾ പൊട്ടിച്ച് വിജയം ആഘോഷിച്ചു. അങ്ങിനെ, 1997 ജൂലായ് 16 ന്, പുതിയൊരു ജീവിതം ആരംഭിക്കാൻ ജപ്പാനിലോട്ട് തിരിച്ചു.

Computer Engineer, Virtual Reality R&D Group, National Panasonic - ഹാ - ആത്മവിശ്വാസം നിറഞ്ഞു തുളുമ്പി. പക്ഷേ, ആ വരവ് കണ്ടകശ്ശനിയുടെ മറ്റൊരവതാരമായിരുന്നെന്ന് പിന്നീടാണ് മനസ്സിലായത്.

'ഉരുളക്കുപ്പേരി കൊടുക്കുന്ന കത്തി' എന്ന് ചെറുപ്പത്തിൽ തന്നെ കുപ്രസിദ്ധി നേടിയവനായിരുന്നു ഈയുള്ളവൻ. ദിവസം മൂന്ന് മണിക്കൂറെങ്കിലും സംസാരിച്ചില്ലെങ്കിൽ ഉറക്കം വരില്ലായിരുന്നു. അങ്ങിനെയായിട്ടുള്ളതായ ഈയുള്ളവൻ, ജപ്പാനിലെ 'പ്രാണി"കളുടെയിടയിൽ 'മിണ്ടാപ്രാണി'യായിരിക്കേണ്ടൊരു ഗതികേടോടെ ജീവിതം ആരംഭിച്ചു. ഓഫീസിൽ ആകെ പറയുന്ന വാക്ക് 'ഹൊയോ' (സുപ്രഭാതം) മാത്രം. പിന്നെ വായ തുറക്കുന്നത് ഭക്ഷണം കഴിക്കാൻ! ഒന്നു രണ്ട് ദിവസം ക്ഷമിച്ചു. ഇല്ല പറ്റുന്നില്ല. രാത്രി വീട്ടിലെത്തിയാലുടൻ നാട്ടിലേക്ക് ഫോൺ വിളിച്ചു. അച്ചനോടും അമ്മയോടും വികാരഭരിതനായി സംസാരിച്ചു. അതായിരുന്നു തുടക്കം. "മുങ്ങിച്ചാകാൻ തുടങ്ങിയ ഉറുമ്പിന് കിട്ടിയ പച്ചക്കൊമ്പിൻ കഷണം" പോലെയായിരുന്നു എനിക്ക് ഫോൺ. പിന്നെ, ദിവസവും ഒരു മണിക്കൂർ വച്ച് നാട്ടിലേക്കും ബാംഗളൂരിലേക്കും അമേരിക്കയിലേക്കും ഒക്കെ വിളിച്ച് വീട്ടുകാരോടും നാട്ടുകാരോടും സുഹൃത്തുക്കളോടും ആവേശത്തോടെ സംസാരിച്ചു. പക്ഷെ ഫോൺ ബില്ലു വന്നപ്പോൾ പകുതി മരിച്ചതുപോലെ തോന്നി. 180,000 യെൻ!! ഒരു ഉണ്ട നൂലിൽ കെട്ടിത്തൂങ്ങിച്ചാകാൻ 'കൊളുത്തിന്' വേണ്ടി നോക്കിയപ്പോൾ, നിർഭാഗ്യത്തിന്, ജപ്പാനിലെ വീടുകളിൽ 'കൊളുത്തില്ല'! നിരാശയോടും ദു:ഖത്തോടെയും, അന്നു രാത്രി, എല്ലാ ദൈവങ്ങളെയും വിളിച്ച് പ്രതിജ്ഞയെടുത്തു. "No more phone calls please!"

(തുടരും)

# "ഡാഡി, ദിസ് ഈസ് ഹെവി മെറ്റൽ"

ഡോ. ജോർജ്ജ് മരങ്ങോലി

ഞായറാഴ്ച രാവിലെ കണ്ണു തുറന്നതു പുത്രന്റെ മുറിയിൽനിന്നുള്ള റോക്ക് മ്യൂസിക്കിന്റെ കോലാഹലം കേട്ടാണ്. അതെങ്ങനാ, ഞാൻ അന്നേ ശ്രീമതിയോടു പറഞ്ഞതാ, ഈ ചെറുക്കന് ആവശ്യമില്ലാത്തതൊക്കെ വാങ്ങിക്കൊടുത്ത് അവനെ വഷളാക്കേണ്ടായെന്ന്. അവളു കേൾക്കേണ്ടേ? ആകപ്പാടെ ആണും പെണ്ണുമായിട്ട് വയസ്സുകാലത്ത് നേർച്ച നേർന്നുണ്ടായ സന്തതിയാ, അവന്റെ ആഗ്രഹമല്ലേ എന്നു ഭാര്യ പറഞ്ഞപ്പോൾ ഞാനും അതിനു സമ്മതിച്ചു. ഏകപുത്രന്റെ ആഗ്രഹം നിറവേറ്റാൻ വേണ്ടി അവനു ഇഷ്ടമുള്ള സ്റ്റിരിയോ മ്യൂസിക്ക് സിസ്റ്റം തന്നെ വാങ്ങിച്ചു. നാലടിവീതം നിളമുള്ള നാല് സ്പിക്കറും അതിന്റെ മറ്റു സാമഗ്രികളും ചുമന്നുകൊണ്ടു വന്നതിന്റെ നടുവേദന 'മബെൻഗെ' പുരട്ടി ഒരാഴ്ച കഴിഞ്ഞപ്പോൾ മാറിക്കിട്ടിയെങ്കിലും ഈ കുന്തം ഓൺ ആക്കുമ്പോഴുണ്ടാകുന്ന തലവേദന ഒരു തീരാവ്യാധിപോലെ ഇന്നും നിലനില്ക്കുന്നു. ചെവിയുടെ ഡ്രം മാരാരുടെ പൊട്ടിയ ചെണ്ടപോലെ തകർന്നു തരിപ്പണമായി എന്നതിൽ സംശയമില്ല.

നല്ല അന്തസ്സായിട്ടു പഠിച്ചുകൊണ്ടിരുന്ന ഒരു ചെറുക്കനാ അവൻ. പക്ഷെ ഹൈസ്ക്കൂളിൽ കയറിയപ്പോൾ അവന്റെ സ്റ്റൈലു മാറി. അവനും അവന്റെ അപ്പനും അമ്മയ്ക്കും വേണ്ടി വന്നാൽ വല്യപ്പച്ചനുംകൂടി ഒരുമിച്ചു കയറാവുന്ന ഉടുപ്പേ ഇപ്പോൾ അവൻ ധരിക്കാറുള്ളു. അതും ചിലതിന്റെ ഒക്കെ നിറം കണ്ടാൽ അവന്റെയടുത്തിരുന്ന് ആഹാരം കഴിക്കാൻതന്നെ ബുദ്ധിമുട്ടുതോന്നും. പത്തുനാൽപതു ഡോളർ കൊടുത്തു വാങ്ങിയ "നൈക്കി" സ്നീക്കേഴ്സ് ലേസ് കെട്ടാതെ അവൻ ധരിക്കുന്നതു കണ്ടാൽ കമ്പനിക്കാര് ഷൂ ലേസ് ഉണ്ടാക്കിയത് അബദ്ധമായി എന്ന് തോന്നും. അവന്റെ ഹെയർ സ്റ്റൈലാണെങ്കിൽ എലി കരണ്ട് മിച്ചം വന്ന അപ്പക്കഷണം പോലെ അവിടെയും ഇവിടെയുമൊക്കെ കടിച്ചുപറിച്ചു വച്ചിരിക്കുന്നു. അതും പോരാതെ മുടി പുറകോട്ടു വളർത്തി റബ്ബർ ബാൻഡിട്ടു കെട്ടി വെച്ചിരിക്കുന്നു. ഒരു വക ആണും പെണ്ണുമല്ലാത്ത കോലം! ചെവി തുളച്ച് കമ്മലിടാൻ ഒരു ശ്രമം അവൻ നടത്തിനോക്കി. "ഫാഷനാണു പോലും! കൂട്ടുകാർക്കൊക്കെ കമ്മലുണ്ടത്രെ". പെടലി നോക്കി ഒരു കീറു കൊടുക്കണമെന്ന് ഉദ്ദേശിച്ചതാണ്. പക്ഷെ ഈ നാട്ടിൽ മക്കളെ തല്ലിയാലും അതു കേസാകുമല്ലോ, ചിലപ്പോൾ 'അകത്തു' കിടക്കേണ്ടി വരുമല്ലോ എന്നു കരുതി ഞാൻ തന്നെ അടങ്ങി.

എന്തു കോലം കെട്ടിയാലും കുഴപ്പമില്ല പുത്രൻ ഈ ഡ്രഗ്ഗ് ഇടപാടിലേക്കു മാറിയേക്കല്ലേ എന്ന ഒറ്റ പ്രാർത്ഥനയോടുകൂടി മാത്രമാണ്, ഞങ്ങളുടെ തലപോയാലും സാരമില്ല അവന്റെ തല നേരെ നിൽക്കുമല്ലോ എന്നു കരുതി, അവനിഷ്ടമുള്ള സ്റ്റിരിയോ സെറ്റ് തന്നെ വാങ്ങിക്കൊടുത്തത്. പക്ഷെ അയൽവക്കക്കാർക്കുണ്ടോ ഈ ചിന്താഗതി. പല പ്രാവശ്യം രാത്രി 11 മണി കഴിഞ്ഞു പോലീസ് വന്ന് വാതിൽക്കൽ മുട്ടി.

"യു ആർ മേക്കിംഗ് റ്റൂമച്ച് നോയ്സ്. ദി നെയ്ബേർസ് ആർ കംപ്ലേനിംഗ്". അപ്പോഴാണ് ശ്രീമതിയുടെ തലക്ക് അനക്കം വച്ചു തുടങ്ങിയത്. "നമുക്ക് അവനൊരു 'വാക്ക്മാൻ' വാങ്ങിക്കൊടുത്താലോ, അതാകുമ്പോൾ ചെവിയിൽ വെച്ചുകൊണ്ടു നടന്നോളും, ഒച്ച വെളിയിലേക്കു കേൾക്കുകയുമില്ല".

അടുത്തകാലത്ത് ഭാര്യ പറഞ്ഞതിൽ ഏറ്റവും വിവരമുള്ളകാര്യം അതാണെന്നു സമ്മതിക്കാതിരിക്കാൻ കഴിഞ്ഞില്ല. ക്രെഡിറ്റു കാർഡ് ചാർജ് ചെയ്ത് സോണിയുടെ ലേറ്റസ്റ്റ് വാക്ക്മേൻ തന്നെ വാങ്ങി മകനു സമ്മാനിച്ചു! അതിൽപ്പിന്നെ കുറെ ദിവസത്തേക്ക് പാട്ടു കച്ചേരി വീട്ടിൽ കേട്ടിട്ടേയില്ല.

പക്ഷെ അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ പുത്രനു വീണ്ടും ക്രിമി കടി തുടങ്ങി. ചെവിയിൽ വാക്ക്മാനും ഘടിപ്പിച്ച് തലകുലുക്കി അവൻ ആസ്വദിക്കുമ്പോഴും സ്റ്റിരിയോ വളരെ ഉച്ചത്തിൽ അലച്ചുകൊണ്ടിരിക്കും! ആരു കേൾക്കാൻ? തലക്കു കൊട്ടുവടികൊണ്ടു അടിയേറ്റതുപോലെ തലമരവിച്ച ശ്രീമതിയും ഞാനും മുഖത്തോടുമുഖം നോക്കി അന്ധാളിച്ചുനിന്നു. മൊത്തത്തിൽ ഈ ഏ

ടാകൂടമെല്ലാം വാങ്ങിയതു തന്നെ അബദ്ധമായിപ്പോയി എന്നു ചിന്തിച്ച് നിരാശരായി ജീവിതം കഴിച്ചു കൂട്ടുമ്പോഴാണ് അതു സംഭവിച്ചത്.

ഞായറാഴ്ച വെളുപ്പിനുപതിവുപോലെ റോക്ക് മ്യൂസിക്കിന്റെ കരണംപൊട്ടി പ്രയോഗം ഏറ്റ് കണ്ണു തുറന്നു. ഒരു കപ്പു കാപ്പി ഉണ്ടാക്കിക്കൊണ്ടുവരാമെന്നു പറഞ്ഞ് ശ്രീമതി അടുക്കളയിലേക്കു പോയി. തലേദിവസം കെട്ടി വെച്ച ഗാർബേജ് ബാഗ് അടുക്കളയുടെ നടുക്ക് ഭഗവതി വിഗ്രഹംപോലെ കുത്തിയിരിക്കുന്നു. പുന്നാര പുത്രനോട് തലേന്നു രാത്രിയിൽ പറഞ്ഞതാണ് അതൊന്ന് എടുത്ത് വെളിയിൽ വെക്കണമെന്ന്. ചെവിയിൽ ആവലാതി പിടിച്ച സാമഗ്രി തിരുകിക്കൊണ്ടു നടക്കുന്നതുമൂലം അവനതു കേട്ടോ എന്തോ! ഗാർബേജ് ബാഗ് അടുക്കളയിൽതന്നെയിരുന്നു. അതൊന്ന് എടുത്ത് വെളിയിൽ വെച്ചിട്ട് കാപ്പിയുണ്ടാക്കാമെന്ന് കരുതി ഭാര്യ ഗാർബേജുബാഗുമായി വെളിയിലേക്കിറങ്ങി. തലേ ദിവസം പെയ്ത ചാറ്റ മഴ ഫ്രീസ് ചെയ്ത് കണ്ണാടിപോലെ നടക്കല്ലിൽ കിടന്നതു ശ്രീമതി കണ്ടില്ല! ഐസിൽ ചവുട്ടി സ്ലിപ്പുചെയ്തു തകിടംമറിഞ്ഞ് അവൾ ചെന്നു വീണത് ഡ്രൈവ്‌വേയും പിന്നിട്ട് സൈഡ്‌വാക്കിലാണ്! തണുപ്പിന്റെ കാഠിന്യം കൊണ്ടും വീഴ്ചയുടെ ശക്തികൊണ്ടും ഉച്ചത്തിൽ ഒന്നു കരയാൻപോലും അവൾക്കു കഴിഞ്ഞില്ല!

റോക്ക് മ്യൂസിക്ക് ഇഷ്ടപ്പെടാൻ കഴിഞ്ഞിട്ടില്ലെങ്കിലും കേട്ട് ഒരു വക ഹാർട്ടുബീറ്റുപോലെ അലിഞ്ഞു ചേർന്ന ഒരുതാളലയത്തിൽ അറിയാതെ കാലു കൊണ്ടു താളവും പിടിച്ചു ഞാനങ്ങനെ കിടന്നു പോയി. അരമണിക്കൂറോളം കഴിഞ്ഞിട്ടും കാപ്പിയുണ്ടാക്കാൻ പോയ ശ്രീമതിയെ കാണുന്നില്ല. തുറന്നു കിടക്കുന്ന അടുക്കള വാതിലിലൂടെ ചുള്ളുചുളും അടിക്കുന്ന തണുപ്പൻ കാറ്റു സഹിച്ച് ഞാൻ വെളിയിലേക്കൊന്നെത്തി നോക്കി. "ഹെഫ്റ്റി" ഡബിൾ സ്ട്രെങ്ത് പോളിയെസ്റ്റർ ഗാർബേജ് ബാഗിന്റെ പരസ്യം പോലെ കയ്യിൽ ബാഗും പിടിച്ച് ശ്രീമതി സൈഡ്‌വാക്കിലെ ഐസ് കൂനയിൽ മലർന്നടിച്ചു കിടക്കുന്നു!

"മോനെ മമ്മി വീണെടാ" എന്നു പറഞ്ഞതും വെളിയിലേക്ക് ഓടിയതും ഒപ്പമായിരുന്നു. കണ്ണടച്ചു തുറക്കും മുമ്പുതന്നെ ഒരു സ്കേറ്റിംഗ് വിദഗ്ധനെപ്പോലെ തെന്നി തെന്നി താനും ഭാര്യയുടെ അടുത്തെത്തി കഴിഞ്ഞു. സ്വന്തമായിട്ടൊന്നു എഴുന്നേറ്റു നിന്നിട്ടുവേണ്ടേ ഭാര്യയെ പൊക്കാൻ? ഓരോ പ്രാവശ്യവും പൊക്കാൻ ശ്രമിക്കുമ്പോഴും താൻ തന്നെ തറയിൽ വീണുകൊണ്ടേയിരുന്നു. കാര്യം ഭാര്യക്കു തടി കൂടുതലുള്ളതു ചിലപ്പോഴൊക്കെ നല്ലതാണെന്നു പറഞ്ഞാലും ഇങ്ങനെയുള്ള ഗതികേടു വരുമ്പോഴല്ലേ വിവരം മനസ്സിലാകുന്നത്.

"മോനെ മമ്മി വീണെടാ" എന്നു കുറെ പ്രാവശ്യം അലറി നോക്കി. ആരു കേൾക്കാൻ? അരിശം സഹിക്കാതെ വന്നപ്പോൾ പകുതി പൊക്കിയ ശ്രീമതിയെ അരിച്ചാക്കു നിലത്തുകുത്തുന്നതുപോലെ തറയിലേക്കിട്ടിട്ട് തെന്നി തെന്നി അകത്തേക്കോടി. മോന്റെ മുറിയുടെ വാതിൽക്കൽ നിന്നുകൊണ്ട് അലറി "മോനെ മമ്മി വീണെടാ"

ചെവിക്കകത്തു വാക്കുമാൻ ഫിറ്റുചെയ്തു തലകുലുക്കി ആസ്വദിക്കുന്ന പുത്രനുണ്ടോ ഇതു കേൾക്കുന്നു. ഡാഡി എന്തോ പറഞ്ഞുവെന്ന് ചുണ്ടനക്കത്തിൽനിന്ന് അവനു മനസ്സിലായി. പുന്നാര മക്കൾ എന്തു മ്യൂസിക്കാണ് ആസ്വദിക്കുന്നതെന്ന് എന്നോ മറ്റോ ആണ് തന്തപ്പടി ചോദിക്കുന്നതെന്ന് അവൻ കരുതി. പാട്ടു കേൾക്കുന്നതിനിടയിൽ തലയും കുലുക്കിക്കൊണ്ട് അവൻ പറഞ്ഞു "ഡാഡി, ദിസ് ഈസ് ഹെവി മെറ്റൽ"!!

"അവന്റെ അ-ടെ ഒരു ഹെവി മെറ്റൽ" ആ വാക്ക്മാൻ വലിച്ചുപറിച്ച് എടുത്തുകൊണ്ട് താൻ വെളിയിലേക്കോടി. സംഗതിയൊന്നും മനസ്സിലാകാതെ പുറകെ പുത്രനും. അടുക്കള വാതിലിലൂടെ വാക്ക്മാൻ ഫ്ളയിംഗ് സോസർ പോലെ വെളിയിലേക്കു പറന്നു! എല്ലെല്ലാം ഒടിഞ്ഞ വേദന സഹിക്കാൻ പറ്റാതെ ഐസ് കൂനയിൽ കുത്തിരുന്നു കരഞ്ഞുകൊണ്ടിരുന്ന ശ്രീമതി ഈ കോലാഹലമെല്ലാം കണ്ടു കുടു കുടാ ചിരിച്ചു. അപ്പോഴും പുത്രന്റെ മുറിയിൽനിന്നു ഹെവിമെറ്റൽ മ്യൂസിക്ക് സ്റ്റീരിയോവിലൂടെ തകർത്തടിച്ചു നടക്കുന്നുണ്ടായിരുന്നു.

# ആശുപത്രി ജീവിതം

ബിനി പങ്കജാക്ഷൻ

ആശുപത്രി എന്നു കേട്ടാൽ പണ്ടൊക്കെ സുഖമില്ലാതെ കിടക്കുന്ന ആളുകളെ കാണാൻ പോകുന്ന സ്ഥലം. കൂട്ടത്തിൽ ചിലർക്കു ഒത്താൽ നർസുമാരെ പഞ്ചാരയടിക്കാനും (*) ഉതകുന്ന സ്ഥലം. ഈയിടെ ജപ്പാനിലെ ആശുപത്രിയിൽ കിടക്കേണ്ടി വന്നു (പഞ്ചാരയടിക്കാനല്ല!). ശുശ്രൂഷിച്ച വൈദ്യന്റെ അഭിപ്രായത്തിൽ കരളിനകത്ത് മാംസം കൂടുതൽ. "ഞണ്ണുമ്പോൾ (**) കരൾ അറിഞ്ഞ് ഞണ്ണണം." എന്നു ചുരുക്കം. ആദ്യത്തെ രണ്ടുമൂന്നു ദിവസം പനിയും വിശപ്പില്ലായ്മയും ഉണ്ടായിരുന്നതിനാൽ ഒരു കമ്പിയിൽ തൂക്കിയിട്ട പ്ലാസ്റ്റിക്ക് ബോട്ടിലുകളിൽ നിന്നും പലതരം ദ്രാവകങ്ങൾ കൈയിലൊരു ദ്വാരമിട്ടു അതിലെ അടിച്ചു കയറ്റി. ഇതൊരു സുഖമുള്ള പരിപാടിയൊന്നുമല്ല. പ്രത്യേകിച്ചു ഈ കമ്പിയും ബോട്ടിലും ഒക്കെ ഉരുട്ടി ഇവിടത്തെ ടെലിഫോൺ ബൂത്തുപോലെയുള്ള കക്കൂസിൽ പോകുമ്പോൾ. നാലിന്റെ അന്നു മുതൽ രുചിയും വിശപ്പും തിരിച്ചു കിട്ടിയപ്പോൾ ഒരു കാളയെ നിർത്തി പൊരിച്ചു തിന്നാനുള്ള ആവേശമുണ്ടായിരുന്നു. പക്ഷേ ആശുപത്രി ആഹാരമായ പുഴുങ്ങിയ പച്ചിലയും പുല്ലും, "ഗതികെട്ടാൽ പുലി ഓംലറ്റും തിന്നും" എന്നു പണ്ടാരോ പറഞ്ഞതുപോലെ കഴിക്കേണ്ടി വന്നു. ഒട്ടും സഹിക്കാതെ വന്നപ്പോൾ കുറച്ചു ചമ്മന്തിപ്പൊടി സ്മഗിൾ ചെയ്തു അകത്തു കയറ്റി.

തിരുവനന്തപുരത്ത് പണ്ടൊക്കെ ആശുപത്രിയെന്നു പറഞ്ഞാൽ 'ജനൽ' ആശുപത്രിയാണ്. (ഒരുപാടു ജനലുകളുള്ളതുകൊണ്ടായിരിക്കും). അവിടെ പുഴുക്കടി മുതൽ ല്യൂക്കേമിയ വരെയുള്ള രോഗങ്ങൾക്ക് കൊടുക്കുന്ന ഒരു മരുന്നു വാങ്ങാൻ രാവിലെ മുതൽ രാത്രിവരെ ആളുകൾ ക്യൂനിൽക്കാറുണ്ട്. 'മിച്ചർ' എന്നറിയപ്പെടുന്ന ഈ ദ്രാവകം വളരെ പ്രസിദ്ധമാണ്. ഇത് കുടിച്ച് തട്ടിപ്പോവാറാവുമ്പോൾ അംബാസഡർ കാറിൽ ലൈറ്റുമിട്ട് Medical college ലേക്ക് കൊണ്ടുപോകും. കാരണം Medical college referal ആശുപത്രി ആയതുകൊണ്ട്. Referal എന്നാൽ 'തട്ടിപ്പോവാറായത്' എന്നാണ് അന്നൊക്കെ മനസ്സിലാക്കിയിരുന്നത്.

ജപ്പാനിലും ഈ സിസ്റ്റം ഉണ്ടോ എന്നറിയില്ല. എന്തായാലും ആശുപത്രി ജീവിതം രണ്ടാംവാരത്തിലേക്ക് കടന്നപ്പോൾ അടുത്തു കിടക്കുന്ന മറ്റു രോഗികളുമായി പരിചയത്തിലായി. ഇതിനിടെ (നമ്മുടെ നാട്ടിലെ കമ്പൗണ്ടർമാരുടെ വേഷം ധരിച്ച) ഡോക്ടർ വന്നു "നാളെ ആശുപത്രിയിൽനിന്നും പോകാം" എന്നു പറഞ്ഞപ്പോൾ സന്തോഷമായി. 'ബിനി ബോൺ' (***) വായിച്ചുകൊണ്ട് കിടക്കുന്ന കള്ളുകച്ചവടക്കാരനെയും, നർസുമാരെ പഞ്ചാരയടിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിയെയും കെട്ടിടം പണിക്കാരനെയും കണ്ടപ്പോൾ 'മാവേലി നാടുവാണില്ലെങ്കിലും മാനുഷരെല്ലാരും ഒന്നുപോലെ' യാണെന്നു തോന്നി.

(*) പഞ്ചാര - ഭക്ഷണ പദാർത്ഥങ്ങൾക്ക് മധുരം ഉണ്ടാകാൻ ഉപയോഗിക്കുന്ന ഒരു സാധനം.

(**) ഞണ്ണുക - തിരുവനന്തപുരം പേട്ട പ്രദേശത്തു ചില ആൾക്കാരുടെ ഇടയിൽ 'തിന്നുക' എന്നതിനു പകരം ഉപയോഗിക്കുന്ന ഒരു വാക്ക്.

(***) ബിനി ബോൺ - ജാപ്പനീസിൽ ബോൺ അല്ലെങ്കിൽ ഹോൺ എന്നാൽ പുസ്തകം. ബിനി (ഞാനുമായിട്ട് ഒരു ബന്ധവുമില്ല!) Vinyl അല്ലെങ്കിൽ 'ബിനീര്' എന്ന് ജപ്പാൻകാർ പറയുന്ന plasltic bag. അശ്ളീല പുസ്തകങ്ങൾ plastic coverൽ ഇട്ട് വിൽക്കുന്നതുകൊണ്ട് ഈ നാമധേയം. രോഗികളെ (പുരുഷൻമാരെ) കാണാൻ പോകുന്ന കൂട്ടുകാർ ജപ്പാനിൽ ഇതു വാങ്ങികൊണ്ടുപോകുന്ന പതിവുണ്ട്. നല്ല സംസ്കാരം!

### ശമ്പള വർദ്ധന

സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളത്തിൽ 500 രൂപ മുതൽ 6000 രൂപ വരെ വർദ്ധനയുണ്ടാകുന്ന ശമ്പള പരിഷ്കരണ ശുപാർശകൾ മന്ത്രിസഭായോഗം അംഗീകരിച്ചു.

കേരള കൗമുദി, നവംബർ 13, 1998.

# സാക്ഷാൽ ഡ്യൂപ്ലിക്കേറ്റ് ചാത്തൻസ്

**വേറൊരു കുറുമ്പൻ നായർ**

ഉച്ചയൂണിനുശേഷം വെടിപ്പായി മുറുക്കി സിയെസ്റ്റായുടെ വട്ടം കൂട്ടുന്നതിനിടയിൽ ശ്രീമാൻ ചാത്തൻ എന്തോ അപശബ്ദം കേട്ട് തിരിഞ്ഞു നോക്കി. കാര്യസ്ഥൻ കുഞ്ഞനന്തനാണ്. ഇവനോട് പലവട്ടം പറഞ്ഞിട്ടുള്ളതാണ് - ഊണു കഴിഞ്ഞാൽ 4 മണിവരെ അപ്രത്യക്ഷനായിക്കൊള്ളണമെന്ന്.

"ഒരു അത്യാവശ്യകാര്യണ്ടായിരുന്നു" ചേരാട്ടാ അനന്തൻ പതിവു നമ്പറിറക്കി.

"അത്യാവശ്യമൊക്കെ സാധിച്ചിട്ട് പിന്നീട് ഇങ്ങോട്ട് വന്നാ മതി" ചാത്തൻസ് കത്തി വേഷം കാട്ടി.

"അതല്ലാ ഒരുട്ടം വിദേശികൾ മുഖം കാണിക്കാൻ വന്നു നിൽക്കുന്നു. ഊണു കഴിഞ്ഞാൽ മുഖദാവ് ശരിപ്പെടുത്താൻ നോക്കാമെന്ന് ഞാൻ പറഞ്ഞു"

"താനാരാ കാപ്പിക്കാരൻ അണ്ണനോ, കൂടികാഴ്ച തരപ്പെടുത്താൻ?" സിയെസ്റ്റയുടെ മുടക്കം ചാത്തന്റെ മുഖത്ത് പ്രതിഫലിച്ചു.

"അയ്യോ ഇവിടുത്തെ കണ്ടേ മടങ്ങൂ എന്ന് അവറ്റകൾ ശാഠ്യം പിടിച്ചപ്പോൾ പറഞ്ഞു പോയതാണ്. പാവങ്ങളാണെന്ന് തോന്നുന്നു. ഒരു ബീഡി പോലും എടുക്കാനില്ലത്രെ."

"ആട്ടെ എവിടുത്തുകാരാണ്. കഴിഞ്ഞ ദിവസം പത്ര ദ്വാരാ വായിച്ചു കേട്ട കിണ്ടൻ ആണോ ഭൈമീകാമുകൻ?"

"അല്ലല്ല, ഇവർ ജപ്പാൻകാരാണ്. ചീനബ് ഭരണിയുടെ വക്കിലെ കണ്ണിമാങ്ങാക്കറ പോലുള്ള ദേശം." അനന്തൻ ജൂനിയർ ഭൂമിശാസ്ത്രപരിഞ്ജാനം വെളിപ്പെടുത്തി.

"ശരി, നിഹംഗൻമാരോട് എത്രയും പെട്ടെന്ന് മുഖം കാണിച്ചശേഷം എബൗട്ടേൺ അടിച്ചു ക്വിക്ക് മാർച്ച് ചെയ്യാൻ പറ"

അനന്തന്റെ പിന്നാലെ വന്ന രണ്ടംഗ സംഘത്തെ ചാത്തൻസ് കണ്ണുകൊണ്ടളന്നു. കഷ്ടിച്ച് അഞ്ചടി വരും. മീശയില്ലാത്തവർ. നായൻമാരല്ല. അതിഥികൾ ഒരു പൊതിക്കെട്ടു മുന്നിൽ വെച്ച ശേഷം വിശദമായി ഒന്നു താണു തൊഴുതു.

"ഭേഷ്", കുമ്പിടുകയാണെങ്കിൽ ഇങ്ങിനെ വേണം. ആ മൊശകോടൻ അനന്തൻ കണ്ടു പഠിക്കട്ടെ".

"എന്താ ഇത്?" ചാത്തൻ പ്രസാദിച്ചു.

"കുറച്ചു ജാപ്പാണം പുകയിലയും താളിയോലയുമാണ്". നിഹംഗർ ഉവാച.

"താളിയോലയോ? ഇതെന്താ പുതുക്കോട്ടയിൽ കല്ക്കരി കൊണ്ടുവന്നിരിക്കുന്നോ?" മലയാളം മനസ്സിലായില്ലെങ്കിൽ ഇംകിരിയസ്സിൽ ചോദിക്കാം. Are you trying to sell the blacksmith a needle?

"ഇവിടുന്നു തെറ്റിദ്ധരിച്ചതാണ്. ഇത് അസ്സൽ ഷൊർണ്ണൂർക്കാരൻ നമ്പൂതിരി പരിശോധിച്ചു പിഴതീർത്തതാണ്. കൊല്ലത്തിലൊരിക്കൽ ഇറങ്ങുന്ന അസുലഭ സൃഷ്ടിയാണത്രെ" അനന്തൻ വിദേശികളുടെ സഹായത്തിനെത്തി.

"ഓഹോ, നീളാതീരത്തുനിന്നു മറ്റൊരു ശങ്കരൻ! ജ്ഞാനപീഠം കയറിയ കുറുപ്പ് അല്ലല്ലോ? വന്ന കാലിൽ നിൽക്കാതെ കാര്യം പറഞ്ഞുകൊണ്ട് നിൽക്കാൻ പറ."

"സഹായം തേടി വന്നതാണ്. സാമ്പത്തികം ആകെ മോശമായിരിക്കുന്നു. അയൽപക്കത്തുള്ള പുലികളെല്ലാം പുല്ലുപോലും കിട്ടാതെ അലഞ്ഞു നടക്കുന്ന കഥ ചാത്തൻസാൻ കേട്ടുകാണുമല്ലോ. ആയിരം മാഹാണി പതിനെട്ടുയാക്കിപ്പണം എന്നാണിപ്പോൾ നിരക്ക്. മുറുക്കി ഉടുക്കാൻ മുണ്ടുപോലും വാങ്ങാൻ പറ്റുന്നില്ല" മൂത്ത നിഹംഗൻ ചൊല്ലി. രണ്ടാമൻ 'ഹായ്, ഹായ്' മൂളി.

"ഇതു നന്നായി. ഇവിടെ ബിഹാരി പയ്യൻ ഒന്നു രണ്ടു ഓലപ്പടക്കം പൊട്ടിച്ചതിന്റെ പേരിൽ വട്ടിപ്പലിശയ്ക്കുപോലും കടം തരില്ല എന്നു പറഞ്ഞു അട്ടഹസിച്ചതല്ലേ നിങ്ങൾ? പിന്നെ എങ്ങിനെ ഈ സ്ഥിതിയിൽ എത്തി?"

"നമ്മുടെ സ്വാമിയും കൂട്ടരും ടൊക്യോയിൽ ദീവാളി കുളിച്ചതിന്റെ കാര്യം ഒലവക്കോട്ടങ്ങാടിയിൽ പാട്ടായി ഇറങ്ങിയിട്ടുണ്ട്" അനന്തൻ നാട്ടുവിശേഷം അടക്കം പറഞ്ഞു.

അനന്താ നീ അജ്ഞനാകുന്നു. വിദേശവാർത്തകൾ അങ്ങാടിയിൽ നിന്നല്ല, ആൻറിനയിലൂടെയാണ് അറിയേണ്ടത്" ചാത്തൻസ് ചീറി.

"ഇവൻമാരെ വടക്കേപ്പുറത്ത് കൊണ്ടുപോയി പഴകഞ്ഞിയും ചമ്മന്തിയും കൊടുത്ത് പറഞ്ഞയക്കൂ. വണ്ടിക്കൂലിക്കു പണമില്ലെ

ക്കിൽ കള്ള വണ്ടികയറി പോകാൻ പറ.

"അറുമ്പാതം പറയല്ലേ ചാത്തണ്ണാ. അമ്മച്ചിയാണെ ഇനി ഞങ്ങൾക്കു വേറെ ആരുമില്ല ശരണം." ഇളയ നിഹംഗൻ കെഞ്ചി.

"തന്നെയാരാ മലയാളം പഠിപ്പിച്ചത്?"

"ഗോപാലൻ എന്ന ബാലനാണ്. ശ്രീകാര്യക്കാരൻ. മഹാപണ്ഡിതൻ"

വെറുതെയല്ല ഇത്ര ശുദ്ധമായ ഭാഷ. ബാലഗോപാലനോട് വല്ലപ്പോഴുമൊരിക്കലെങ്കിലും എണ്ണതേച്ചു കുളിക്കാൻ പറയൂ".

"ഇവൻ വിവരമില്ലാതെ എന്തെങ്കിലും പറഞ്ഞെങ്കിൽ ചാത്തൻസാൻ ക്ഷമിക്കണം. അവിടന്നു ഉദാരമതിയും ദാനശീലനും സ്നേഹ സമ്പന്നനുമാണെന്നു കുമാരി കാമിക്കോസാൻ പറഞ്ഞു. അതാണു ഞങ്ങൾ ഇവിടെയെത്തിയത്." ഒന്നാം നിഹംഗൻ രാമച്ചത്തിന്റെ കുളിരും കസ്തൂരിമഞ്ഞളിന്റെ ഗന്ധവുമുള്ള സോപ്പിറക്കി.

"ഓ, കലാമണ്ഡലത്തിൽ ആട്ടം പഠിക്കാൻ വന്ന മോഹിനി. അവളുടെ നാട്ടുകാരനാണെന്ന് ആദ്യമേ പറഞ്ഞുകൂടായിരുന്നോ?" ചാത്തൻ അലിഞ്ഞു.

"എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ ഈ മുദ്രമോതിരം കാണിച്ചാൽ മതി എന്നു പറഞ്ഞിരുന്നു. നിഹംഗൻ മടിക്കെട്ടു തപ്പി.

"വേണ്ട, വേണ്ട, കൂടുതലൊന്നും പറയണമെന്നില്ല. അടിയന്തരാവശ്യത്തിനു നെല്ലെത്ര വേണമെന്നു പറയൂ!" ചാത്തന്റെ പതർച്ച കണ്ട് കാര്യസ്ഥൻ ഊറിച്ചിരിച്ചു. ഇതുപോലെ ഇനി എത്ര വിദേശക്കടങ്ങൾ കൂടി എഴുതിത്തള്ളേണ്ടിവരുമെന്ന് അനന്തൻ മനക്കണക്ക് കൂട്ടി.

"അരിഗാത്തോ!" നിഹംഗർ ഒരേ സ്വരത്തിൽ പാടി.

"അരിയെങ്കിൽ അരി, എന്താണെന്നു വെച്ചാൽ കൊടുത്തയക്കൂ അനന്താ. പലിശ നെല്ലായി കണക്കു കൂട്ടിയാൽ മതി". ചാത്തൻസ് മംഗളഗാനം ചൊല്ലി ശയ്യാഗൃഹത്തിൽ പ്രവേശിച്ചു.

> ഈശ്വരന്റെ ശക്തിയിരിക്കുന്നത് മന്ദമാരുതനിലാണ് കൊടുങ്കാറ്റിലല്ല.
>
> - രവീന്ദ്രനാഥ ടാഗോർ

## അസംബന്ധം

അടിച്ചുമാടിയ മണൽപ്പുറത്ത്
മുളച്ചു വന്നൊരു കുമ്പളം
നമ്മുടെ നമ്മുടെ കുമ്പളത്തിന്
പന്തലിടേണം കണ്ടവരേ!
മൂടില്ലാത്ത കുടംകൊണ്ട്
മുക്കി നനക്കണം കണ്ടവരേ!
തായില്ലാത്ത കൈക്കോട്ടോണ്ട്
കോരിയിടേണം കണ്ടവരേ!
കമ്പില്ലാത്ത മുളകൊണ്ട്
പന്തലിടേണം കണ്ടവരേ!

ആദ്യം കായ്ച്ച കുമ്പളങ്ങ
വിത്തിനു നിർത്തണം കണ്ടവരേ!
പിന്നെ കായ്ച്ച കുമ്പളങ്ങ
മനക്കൽ കൊടുക്കണം കണ്ടവരേ!
പിന്നെ കായ്ച്ച കുമ്പളങ്ങ
കൂട്ടാൻ വെക്കണം കണ്ടവരേ!
ഉപ്പൊഴിച്ചു വെച്ചാലോ പിന്നെ
മോശപ്പെട്ടും കറി കുമ്പളങ്ങ
തേങ്ങ്യാരച്ച് വെച്ചാലോ
തെങ്ങിൻമേൽ കേറും കറി കുമ്പളങ്ങ
തൈരൊഴിച്ച് വെച്ചാലോ പിന്നെ
തകൃതിപ്പെട്ടും കറി കുമ്പളങ്ങ!
വെളിച്ചെണ്ണയൊഴിച്ചുവെച്ചാലോ
വെളിച്ചപ്പെട്ടും കറി കുമ്പളങ്ങ

> **എയർ ഇന്ത്യയും ഇൻഡ്യൻ എയർലൈൻസും ലയിക്കുന്നു.**
>
> എയർ ഇന്ത്യയുടേയും ഇൻഡ്യൻ എയർലൈൻസിൻേയും പ്രവർത്തനം ഒറ്റ മാനേജ്ജുമെൻറിന്റെ കീഴിലാക്കാൻ രണ്ടു കമ്പനികളുടേയും ഡയരക്റ്റർ ബോർഡുകൾ സംയുക്തമായി തീരുമാനിച്ചിരിക്കുന്നു. ലയന തീരുമാനം കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി താമസിയാതെ സമർപ്പിക്കും. പുതിയ കമ്പനിയുടെ കീഴിൽ ഹെലികോപ്റ്റർ കോർപ്പറേഷൻ ഓഫ് ഇന്ത്യ, അലയൻസ് എയർ എന്നിങ്ങനെ രണ്ടു സഹ സ്ഥാപനങ്ങളാവും പ്രവർത്തിക്കുക.
>
> - മലയാള മനോരമ, ഡിസംബർ 9, 1998

# സർക്കാർ ആശുപത്രിയുടെയും IMF ന്റെയും കഥ

ബാലു

ലേഖനത്തിന്റെ തലക്കെട്ട് വായിച്ചാൽ കഴിഞ്ഞ ക്രിസ്മസ് ആഘോഷത്തിന് ജപ്പാൻ മലയാളികൾ നടത്തിയ ഒരു കഥാരചനാ മത്സരത്തിൽനിന്ന് തിരഞ്ഞെടുത്ത ഒന്നാണിത് എന്ന് വായനക്കാർക്ക് തോന്നിയേക്കാം. പ്രത്യക്ഷത്തിൽ ഒരു ബന്ധവുമില്ലാത്ത ഏതാനും വാക്കുകളിൽ നിന്ന് ഒരു കഥ ഉണ്ടാക്കുക എന്നതായിരുന്നു മത്സരം. ഉദാഹരണത്തിന് ടോക്യോ, ക്രിസ്മസ്, സർക്കാർ ആശുപത്രി, IMF എന്നിവ തന്നെ ഇരിക്കട്ടെ. ക്രിസ്മസിനെയും ടോക്യോവിനെയും ഈ ആദ്യ ഖണ്ഡികയിൽ തന്നെ ഒതുക്കി നിർത്തി നമുക്ക് സർക്കാർ ആശുപത്രിയിലേക്കും IMF ലേക്കും കടക്കാം.

സർക്കാരാശുപത്രിയും IMFഉം ആയുള്ള ബന്ധം ഞാനീ കഥാ രചനക്കു വേണ്ടി ഉണ്ടാക്കിയ ഒന്നല്ല. യഥാർത്ഥത്തിൽ രണ്ട് അവസരങ്ങളിലായി രണ്ട് പ്രമുഖ വ്യക്തികൾ ചൂണ്ടികാണിച്ച സാമ്യതയെ ഞാനിവിടെ എടുത്തെഴുതുന്നു എന്ന് മാത്രം. ഇതിൽ ഒന്നാമത്തെ വ്യക്തി ബിനി പങ്കജാക്ഷനാണ്. ജപ്പാൻ വാസിയായ ഇദ്ദേഹത്തെ ഞാനായിട്ട് നിങ്ങൾക്ക് പരിചയപ്പെടുത്തേണ്ട കാര്യം ഉണ്ടെന്ന് തോന്നുന്നില്ല. (ഞാനിപ്പോൾ എഴുതിക്കൊണ്ടിരിക്കുന്ന ജപ്പാനിൽ നിർമ്മിച്ച "Pilot" പേന അടച്ചുവെച്ചിട്ട് കേരളത്തിൽ നിർമ്മിച്ച "പാര" പേനകൊണ്ട് എന്തെങ്കിലും കൈ ഇദ്ദേഹത്തെക്കുറിച്ച് കുത്തിക്കുറിക്കുവാൻ എന്റെ കൈ തരിക്കുന്നുണ്ട്. എങ്കിലും തൽക്കാലം അതിനു മുതിരാതെ നമുക്ക് കാര്യത്തിലേക്ക് മടങ്ങാം.) ഈ ലക്കം താളിയോലയിൽതന്നെ ബിനി എഴുതിയിട്ടുള്ളതുപോലെ കേരളത്തിലെ സർക്കാർ ആശുപത്രിയിൽ ഒരു ഒറ്റമൂലിയുണ്ട്. "മിച്ചർ" എന്നു വിളിക്കുന്ന ഒരു സർവരോഗസംഹാരി. പനി, പിത്തം, ക്ഷയം തുടങ്ങിയ എന്ത് അസുഖം വന്നാലും "കമ്പൗണ്ടർ സാർ" ഈ മിച്ചർ നമുക്ക് സേവിക്കാനായി തയ്യാറാക്കി തരും.

ഇങ്ങനെയുള്ള മിച്ചർ നൽകുന്നഒരേയൊരു സ്ഥലം ഈ മനോഹരമായ സർക്കാർ ആശുപത്രിയാണെന്നായിരുന്നു നമ്മുടെയെല്ലാവരുടെയും ധാരണ. പക്ഷെ അങ്ങനെയല്ല എന്നാണ് കിസിഞ്ചർ പറയുന്നത്. കിസിഞ്ചർ എന്ന് ഞാൻ എഴുതിയത് അമേരിക്കൻ State Secretary ആയിരുന്ന Henry Kissinger നെ കുറിച്ചാണ്. കിസിഞ്ചർ Los Angeles Times ൽ ഇപ്പോഴത്തെ Global Economic Crisis നെ കുറിച്ച് എഴുതിയ ലേഖനമാണ് പ്രതിപാദ്യ വിഷയം. South East Asia യിലും Russia യിലും ഉണ്ടായ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ചാണ് ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നത്. കിസിഞ്ചറിന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ:

"Like a doctor who has only one pill for every conceivable illness, its (IMF) nearly invariable remedies (for financial crisis) mandate austerity, high interest rates to prevent capital outflows and major devaluations to discourage imports and encourage exports. The invetiable result is a dramatic drop in the standard of living, exploding unemployment and growing hardship weakening the political institutions necessary to carry out the IMF program."

ഇൻഡൊനേഷ്യയിലെ ഈ ഒറ്റമൂലി കഴിച്ചിട്ടുണ്ടായ പ്രശ്നങ്ങളെ കിസിഞ്ചർ ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. Austerity measure ന്റെ ഭാഗമായി എടുത്തുകളഞ്ഞ ഭക്ഷണ പദാർത്ഥങ്ങളിലെ subsidy വില വർദ്ധനവിന് കാരണമായി. ഇത് എണ്ണത്തിൽ കുറവെങ്കിലും ധനികരായ ഇൻഡൊനേഷ്യൻ-ചൈനീസ് വംശജർക്കെതിരായ വർഗ്ഗീയ കലാപങ്ങളിലേക്കാണ് കൊണ്ടെത്തിച്ചത്. കലാപങ്ങൾ കാരണം ഇൻഡൊനേഷ്യയിൽനിന്ന് പുറത്തേക്കൊഴുകിയ ചൈനീസ് വംശജരുടെ പണം 60 billion അമേരിക്കൻ ഡോളർ ആണത്രെ. കലാപങ്ങൾക്ക് വഴിതെളിയിച്ച IMF ന്റെ financial aid package നെക്കാൾ കൂടുതലാണ് ചുരുക്കത്തിൽ ഇൻഡൊനേഷ്യക്ക് നഷ്ടമായ സംഖ്യ.

റഷ്യയിലാവട്ടെ രാഷ്ട്രീയ മുൻവിധികളും രാഷ്ട്രീയ പ്രേരിത പദ്ധ്യങ്ങളും കാരണം മന്ദിച്ചു നിന്നിരുന്ന സാമ്പത്തികസ്ഥിതി കരകയറുന്നതിനു പകരം ദ്രുതഗതിയിൽ നിലംപതിക്കാനാണ് ഇടയായത്.

IMF നും അതുപോലെയുള്ള പ്രസ്ഥാനങ്ങൾക്കും ചരടുവലിക്കുന്ന പാശ്ചാത്യ മുതലാളിത്ത രാഷ്ട്രങ്ങളുടെയും വഞ്ചന തുറന്നു കാണിക്കുക എന്ന ലക്ഷ്യത്തോടെയല്ല ഞാനീ ലേഖനം എഴുതാൻ ഒരുമ്പെട്ടത്. അതിനാൽ മുൻ പറഞ്ഞ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ചോ, അതിന്റെ അടിസ്ഥാന കാരണമായ ഭരണ കർത്താക്കളുടെ കഴിവില്ലായ്മയെ കുറിച്ചോ കൂടുതൽ വിശദീകരിക്കാൻ ഞാൻ മുതിരുന്നില്ല. "വെളുക്കാൻ തേച്ചത് പാണ്ടായി" എന്ന മട്ടിലായ "IMF മിച്ചറിന്റെ" കാര്യത്തിലേക്ക് നമുക്ക് മടങ്ങാം. എന്തുകൊണ്ട് "മിച്ചർ" ഫലിച്ചില്ല. കിസിഞ്ചറിന്റെ ഭാഷയിൽ പറഞ്ഞാൽ "The IMF is, quite simply, not equipped for the task it has assumed". അതായത് രോഗം ശരിക്കു നിർണ്ണയിക്കാതെയുള്ള IMF ന്റെ മിച്ചർ ചികിത്സ നമ്മുടെ ആശുപത്രികളിൽ സംഭവിക്കുന്നതുപോലെ തന്നെ പാഴായി പോയി എന്ന് ചുരുക്കം.

ഈ അവസ്ഥ ഒരു ആഗോള സംഘടനയായ IMF ന്റേത് മാത്രമല്ല. നമ്മുടെ കൊച്ചു കേരളത്തിലെ കൊച്ചു കൊച്ചു സംഘടനകളെയും, യൂണിയനുകളെയും ശരിക്കൊന്നു നോക്കിയാൽ ഈ "മിച്ചർ" സ്വഭാവം നമുക്കവിടെയും കാണാം. രാഷ്ട്രീയക്കാരുടെ പാവകളാകുന്ന സംഘടനാ നേതാക്കൾ പലപ്പോഴും ഇത്തരം "മിച്ചർ" സന്ദേശമാണ് യുവാക്കൾക്കു നൽകുന്നത്. രാഷ്ട്രീയമോ, സാമുദായികമോ ആയുള്ള വിഘടനവാദം ആണ് പലപ്പോഴും ഈ "മിച്ചർ". എല്ലാ ജീവിത പ്രശ്നങ്ങൾക്കും പരിഹാരം ഈ രാഷ്ട്രീയ/സാമുദായിക മിച്ചറിൽ അടങ്ങിയിട്ടുണ്ടെന്നാണ് നേതാക്കൾ നമ്മെ ധരിപ്പിക്കുന്നത്. ഫലമോ? ജീർണ്ണിക്കുന്ന ഒരു യുവതലമുറയും സാമ്പത്തിത മാന്ദ്യതയും.

ഒരു പക്ഷേ നമ്മുടെ ആശുപത്രിയിലെ മിച്ചറിനേക്കാൾ ഹാനികരമായ ഈ മിച്ചറിനെയാണ് നമ്മൾ ആദ്യം ഒഴിവാക്കേണ്ടത്. അതിന് നമുക്കായാൽ ആശുപത്രിയിലെ മിച്ചർ മാറ്റി രോഗം നിർണ്ണയിച്ച് ശരിയായ മരുന്ന് കൊടുക്കാനുള്ള സാമ്പത്തിക സ്ഥിതി നമ്മുക്ക് ഉണ്ടാവുകയും ചെയ്യും

# സ്നേഹ ബന്ധനം

## ഡോ. ജോർജ്ജ് മരങ്ങോലി

എന്റെ ഗാനങ്ങൾ രക്ഷകനേശുവി-
ന്നജ്ഞാത സ്നേഹത്തിൻ വർണ്ണനങ്ങൾ
അഖില ചരാചരമെല്ലാം പുകഴ്ത്തുന്നൊ-
രനന്തമഹിമതൻ പല്ലവികൾ.

നിൻസ്നേഹവായ്പിൽമഹോന്നതയിൽസ്വയം
ജീവാർപ്പണം ചെയ്ത സ്നേഹരൂപാ
എന്താണെനിക്കൊരു യോഗ്യത നിൻ സ്നേഹ-
മെന്തിനായ് നീ എന്നിലർപ്പിക്കുവാൻ?

എന്റെ സ്നേഹിതൻ നീതന്നെയാത്മാർത്ഥ
ബന്ധു, നിൻ സ്നേഹത്താൽ ബന്ധിതൻ ഞാൻ
നിൻ സ്നേഹ ഗാനത്തിൽ പല്ലവി പാടുവാ-
നെന്നുമെൻ ജീവിതം ധന്യമാക്കൂ.

---

### മലയാളം ഡി.ടി.പി. ചെയ്യാൻ പുതിയ പ്രോഗ്രം

ഡി.ടി.പി. ജോലിക്ക് മലയാളം എളുപ്പത്തിൽ ടൈപ്പ് ചെയ്യാൻ സഹായിക്കുന്ന ഇഗ്ലീഷ് ടൈപ്പ് ചെയ്യാൻ അറിയുന്ന ആർക്കും കൈകാര്യം ചെയ്യാവുന്ന മലിംഗ് എന്ന പേരിലുള്ള പ്രോഗ്രം തയ്യാറാക്കിയത് കാർഷിക സർവകലാശാലയിലെ പ്രൊഫസറായ എം.പി. അബ്ദുറസാഖാണ്.

ഓരോ ശബ്ദത്തിനും സമാന ഇംഗ്ലീഷ് കീകൾ ഉപയോഗിച്ച സംവിധാനമാണ് മലിംഗ്. ഒരക്ഷരത്തിന് ഒന്നിലധികം ഉച്ചാരണങ്ങൾ വരുമ്പോൾ അവയെ ചെറിയ അക്ഷരങ്ങൾകൊണ്ടും വലിയ അക്ഷരങ്ങൾ കൊണ്ടുമാണ് വേർതിരിക്കുന്നത്.

എ, ഏ, ന, ണ എന്നിവ ഉദാഹരണം. സ്വരാക്ഷരങ്ങൾക്കുംസ്വര ചിഹ്നങ്ങൾക്കും ഒരേരീതിതന്നെയാണുപയോഗിക്കുന്നത\. ചില്ലുകളും, ചന്ദ്രക്കലയും ആവശ്യാനുസരണം നൽകാനാവും കൂട്ടക്ഷരങ്ങൾക്ക് അവയിൽ ഓരോന്നിന്റെയും കീ കൊടുത്താൽ മതി. കൂട്ടക്ഷരം സാധ്യമല്ലെങ്കിൽ ചന്ദ്രക്കല ഉപയോഗിച്ച് പിരിച്ചെഴുതാം

# നാട്ടുവിശേഷം

## പതിനായിരം രൂപ നൽകിയാൽ അന്നു തന്നെ പാസ്പോർട്ട്

പതിനായിരം രൂപയ്ക്ക് അപേക്ഷിക്കുന്ന ദിവസം തന്നെ പാസ്പോർട്ട് നൽകുന്ന 'തത്കാൽപദ്ധതി' താമസിയാതെ ആരംഭിക്കും. അപേക്ഷയോടൊപ്പം ഒരു നിർദിഷ്ട വെരിഫിക്കേഷൻ സർട്ടിഫിക്കേറ്റും അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്നു കാണിക്കുന്ന സത്യവാങ്മൂലവും കൂടി നൽകണം.

2500 രൂപ നൽകിയാൽ ഒരുവർഷത്തേക്കു മാത്രം കാലാവധിയുള്ള പാസ്പോർട്ടുകൾ രണ്ടാം ദിവസം നൽകുന്ന പദ്ധതിയും ഇതൊടൊപ്പം ആരംഭിക്കും. യാത്രയുടെ അടിയന്തര സ്വഭാവത്തെക്കുറിച്ചുള്ള രേഖകളൊന്നും ഹാജരാക്കേണ്ട ആവശ്യമില്ല. എന്നാൽ ഇതിനും വെരിഫിക്കേഷൻ സർട്ടിഫിക്കേറ്റും സത്യവാങ്മൂലവും നിർബന്ധമാണ്.

കാലാവധി കഴിഞ്ഞ പാസ്പോർട്ടുകൾ പുതുക്കാനും 'തത്കാൽ' സേവനം പ്രയോജനപ്പെടുത്താം. കാലാവധി കഴിഞ്ഞു രണ്ടു വർഷം കഴിയാത്ത പാസ്പോർട്ടുകൾക്കു വെരിഫിക്കേഷൻ സെർട്ടിഫിക്കറ്റ് വേണ്ട.

എന്നാൽ ഇവ നടപ്പാക്കുമ്പോൾ ഇപ്പോൾ 'ഔട്ട് ഓഫ് ടേൺ' വ്യവസ്ഥയിൽ പെട്ടെന്നു പാസ്പോർട്ട് നൽകിവരുന്നതെല്ലാം നിർത്തലാക്കും. എന്തെങ്കിലും കാരണവശാൽ തത്കാൽ പാസ്പോർട്ട് നൽകാൻ കഴിയുന്നില്ലെങ്കിൽ തുക തിരിച്ചു നൽകും.

### ഇരട്ട പൗരത്വം

വിദേശ ഇന്ത്യക്കാർക്കും വിദേശ പാസ്പോർട്ട് ഉള്ളവർക്കും ഇന്ത്യൻ വംശജരാണെന്ന് തെളിയിക്കുന്ന കാർഡ് നൽകുന്നതിനുള്ള നടപടികളുമായി ഗവൺമെൻറ് മുന്നോട്ടുപോവുകയാണെന്ന് പ്രധാനമന്ത്രി എ.ബി. വാജ്പേയി പറഞ്ഞു. വിദേശ ഇന്ത്യക്കാർക്ക് ഇരട്ട പൗരത്വം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഒരു കമ്മറ്റിയെ നിയമിക്കുന്നതാണ്.

### കുട്ടികൾക്ക് ഇനി പ്രത്യേക പാസ്പോർട്ട്

പ്രായപൂർത്തിയാകാത്തവർക്കും പ്രത്യേകം പാസ്പോർട്ട് നൽകാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. രക്ഷിതാക്കളുടെ പാസ്പോർട്ടിൽ കുട്ടികളെയും ചേർക്കുന്ന പതിവ് അവസാനിപ്പിക്കും.

പ്രായപൂർത്തിയാവാത്തവർക്ക് പാസ്പോർട്ട് നൽകുന്നതിനുള്ള ഫീസ് 200 രൂപയാണ്. രക്ഷിതാക്കളുടെ പാസ്പോർട്ടിൽ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ കുട്ടികൾക്ക് നൽകുന്ന പുതിയ പാസ്പോർട്ടിലും അധിക നടപടിക്രമങ്ങൾ കൂടാതെ ഇക്കാര്യം രേഖപ്പെടുത്തും.

### വ്യവസായ വകുപ്പിൽ ഏകജാലക സമ്പ്രദായം ഉടൻ

കേരളത്തിൽ വ്യവസായം തുടങ്ങുവാൻ ആവശ്യമായ എല്ലാ നടപടികളും ഒരിടത്ത് ലഭ്യമാകുംവിധം ഏകജാലക സമ്പ്രദായം ഉടൻ നിലവിൽവരുമെന്ന് സംസ്ഥാന വ്യവസായ മന്ത്രി സുശീലാഗോപാലൻ അറിയിച്ചു. ഇതിനാവശ്യമായ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. അടുത്ത നിയമസഭാ സമ്മേളനത്തിൽ നിയമം പാസ്സാകും.

**ഈ ലക്കം സ്പോൺസർ ചെയ്ത സുഹൃത്തിന് നന്ദി**

**Edited by:**
Sankaranarayanan
202 Nishi Tsunashima Green Heights
6-9-1 Tsunashima Nishi
Yokohama - 223, Japan
Tel: 045 546 9893
E-Mail: sanx@yha.att.ne.jp
**Published by:**
Suresh Lal
201 Sachigaoka Daikan Plaza Sportsment
148-4 Sachigaoka, Asahi - Ku
Yokohama - 241-0822, Japan
Tel: 045 364 7178 Fax: 045 366 4168
E-Mail: lal@gol.com